Sri. A. J. John: It is the itention of the Government to introduce a Bill as early a possible.

കാരാപ്പുഴ സക്കാർ മിഡിൽസ്കൂൾ

*൧൧൯൮. (൧൦) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയംമറുപടിപറയുമോ.—

(എ) കോട്ടയം കാരാപ്പുഴ സക്കാർ മിഡിൽസ്കൂളിൽ ഇപ്പോൾ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് പറയുമോ;

(ബി) ആ സ്കൂളിൽ എത്ര കുട്ടികൾക്ക് സ്ഥലസൗകര്യമുണ്ടെന്ന് പറയാമോ;

(സി) ടി സ്കൂളിൽ കുട്ടികൾക്ക് ഇരിക്കുന്നതിന് ബഞ്ച് മുതലായവ ഒട്ടും തന്നെ മതിയാകുന്നില്ലെന്ന കാണിച്ച് ഗവൺമെൻറിലേക്ക് അപേക്ഷ കിട്ടിയിട്ടുണ്ടോ? കിട്ടിയിട്ട് എത്രനാളായി;

(ഡി) അതിന്മേൽ എന്ത് നടപടി നടത്തിയെന്ന് പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഈ പ്രശ്നം ഉദിക്കുന്നില്ല. എന്നാൽ സ്കൂളുകളിലേയ്ക്ക് ആവശ്യമുള്ള ബഞ്ചുകളും മുതലായ ഉപകരണങ്ങളും ഉണ്ടാക്കുന്നതിനു വേണ്ട നടപടി എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: അപേക്ഷ കിട്ടിയിട്ടില്ലെന്ന് ശരിയായി നോക്കിയിട്ടുതന്നെയാണോ പറയുന്നത്? മി. കോശി ഡയറക്ടറായിരിക്കുമ്പോൾ കൊടുത്ത അപേക്ഷയാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: ഏതായാലും ഈ ആവശ്യത്തിലേയ്ക്ക് വേണ്ടനടപടി എടുത്തു കഴിഞ്ഞിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷാരംഭത്തിനു മുമ്പ് ഈ ഉപകരണങ്ങൾ ഉണ്ടാക്കുന്ന ആവശ്യത്തിലേക്ക് വിനിയോഗിക്കാനായി രണ്ടുലക്ഷം രൂപാ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

Sri. D. Gnanasigamoni: Is it a new school started under the new Secondary Education Scheme?

ശ്രീ. ടി. കെ. നാരായണപിള്ള: പുതിയസ്കൂളാണ്.

ശ്രീമതി ദേവകി ഗോപിദാസ്: അവിടെ സ്ഥലസൗകര്യം ഉണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലസൗകര്യമില്ലെങ്കിൽ പരിഹാരം ഉണ്ടാക്കാം.

ശ്രീമതി ദേവകി ഗോപിദാസ്: അവിടെ ഇതുവരെ പുരപോലും കെട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുംവേണ്ട ഏർപ്പാട് ചെയ്യുന്നതാണ്.

ശ്രീ. സി. വി. ജോൺ: വിദ്യാർത്ഥികളുടെ ബഞ്ചൊടിക്കൽ പ്രസ്ഥാനത്തെ തടയുന്നതിനു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് പൊതുജനനേതാക്കന്മാരും പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ശ്രീ. സി. വി. ഇയ്യു: ഇരുമ്പു ബഞ്ചു് ഉണ്ടാക്കാൻ ആലോചിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇരുമ്പു ബഞ്ചും ചിലപ്പോൾ ഒടിച്ചു എന്നുവരും.

ശ്രീ. സി. വി. ഇയ്യു: കോൺക്രീറ്റു് ബഞ്ചു് ഉണ്ടാക്കണം.

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിക്കാം.

RESERVATION FOR TECHNICAL COURSES

***1139. (11) Sry. Devaki Gopi Das:** Will the Hon ble Minister for Education be pleased to state.—

(*a*) whether they have accepted the principle of reservation for technical courses in the Travancore University;

(*b*) if so, what are the courses of study and what is the percentage of seats so reserved?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) Does not arise in view of answer to part (a). എന്നാൽ ഇതിനെ സംബന്ധിച്ചു് എൻജിനീയറിംഗ് കോളേജിൽ പട്ടിക ജാതിക്കാക്കു് പ്രത്യേകം പരിഗണന നൽകാൻ യൂണിവേഴ്സിറ്റിക്കു് നിർദ്ദേശംനൽകുകയും യൂണിവേഴ്സിറ്റി ആ നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുണ്ടു്. അതനുസരിച്ചു് പട്ടിക ജാതിക്കാരിൽനിന്നു് ഫസ്റ്റ്-ൽ ഒരു പേരെയും ഫസ്റ്റ് ടു-ൽ രണ്ടു പേരേയും ഷെഡ്യൂൾ കാസ്റ്റിൽനിന്നു് തിരഞ്ഞെടുത്തു് പ്രവേശനം നൽകിയിട്ടുണ്ടു്.

ശ്രീമതി ദേവകീഗോപിദാസു്: മറവു് ടെക്നിക്കൽ കോഴ്സുകളെ സംബന്ധിച്ചു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റിയും ആലോചിക്കാവുന്നതാണു്.

ജലവിതരണം

*൨൨൪. (൨൨) സാഹിബു് ബഹദൂർ മുഹമ്മദു് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.—

(എ) കൊല്ലം ടൗണിൽ ജലവിതരണം നടത്തുവാൻ ഒരു പദ്ധതി ഗവണ്മെൻറു് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എപ്പോൾ നടപ്പിൽ വരും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: ഇതിനു് ഒരു പ്രാരംഭാന്വേഷണം നടത്താമോ?

ശ്രീ. സി. കേശവൻ: പ്രാരംഭാന്വേഷണം നടത്തി. എന്നാൽ ഒരു കോടി രൂപ ലക്ഷം രൂപയുടെ കണക്കാണു് തന്നിട്ടുള്ളതു്. അതു് മുനിസിപ്പാലിറ്റിക്കു് വഹിക്കുവാൻ കഴിവില്ലാത്തതുകൊണ്ടു് ആ പ്രശ്നം തൽക്കാലം അന്തർധാനം ചെയ്തിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly